"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. അനുപമ. എ.യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.64/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/01/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 09.06.2017-ലെ ഇ24(എസ്.സി. 11/2017/പികെഡി/എം.എൻ.ജി.) 8814/2015 നമ്പർ കത്ത്

2 വിജിലൻസ് (ബി) വകുപ്പിന്റെ 16.08.2017-ലെ വിജി-ബി1/93/2017/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 19.09.2017-ലെ 183/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. അനുപമ എ. സമർപ്പിച്ച 30.11.2017-ലെ പ്രതിവാദ പത്രിക.

5 പഞ്ചായത്ത് ഡയറക്ടറുടെ 01.03.2018-ലെ ഡി10-33533/17 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ മേഖലയിൽ അനധികൃത പാറഖനനം നടത്തുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തരൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർ ശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ തരൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച ഗായത്രി റോക്ക് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. അനുപമയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീമതി. അനുപമയ്ക്ക് പരാമർശം ( 3 ) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. അനുപമ പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഗായത്രി റോക്ക് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരം 30.09.2016 മുതൽ 31.12.2016 വരെയാണ് പഞ്ചായത്ത് ലൈസൻസ് നല്കി കാണുന്നതെന്നും 31.12.2016-ന് ലൈസൻസ് അവസാനിക്കുന്ന സ്ഥാപനം 3 0 ദിവസം മുമ്പേ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നുവെന്നും എന്നാൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതിരുന്നത് സെക്രട്ടറിയുടെ വീഴ്ചയായി മാത്രം കാണാൻ കഴിയില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. അനുപമ.എ 17.01.2017 മുതലാണ് തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നതെന്നും

ശ്രീമതി. അനുപമ സെക്രട്ടറിയായി ചുമതലയേൽക്കുന്നതിന് മുമ്പോ, സെക്രട്ടറിയായിരുന്ന കാലയളവിലോ ഗായത്രി റോക്ക് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ലെന്നും, പൊതു ജനങ്ങളിൽ നിന്നും ടി സ്ഥാപനങ്ങളെക്കുറിച്ച് പരാതികളൊന്നും ലഭിച്ചിരുന്നില്ലെന്നും സെക്രട്ടറി എന്ന നിലയ്ക്ക് ടിയാളുടെ ഭാഗത്തു നിന്നും യാതൊരു കൃത്യ വിലോപവും സംഭവിച്ചിട്ടില്ലായെന്ന ശ്രീമതി. അനുപമയുടെ വാദം അംഗീകരിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ഗായത്രി റോക്ക്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് 31.12.2016-ൽ അവസാനിച്ചതായി കാണുന്നു. ശ്രീമതി. അനുപമ.എ. തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 17.01.2017 മുതൽ 21.04.2017 തുടർന്നതായി കാണുന്നു. ടി സ്ഥാപനത്തിന്റെ ലൈസൻസ് തീർന്നതു മുതലുള്ള മാസങ്ങളിൽ ശ്രീമതി. അനുപമയാണ് സെക്രട്ടറിയായി തുടർന്നത്. പഞ്ചായത്തിൽ നിലവിലുള്ള രേഖകൾ പരിശോധിച്ച് ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. അനുപമയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നു. ഈ സാഹചര്യത്തിൽ ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി ക്വാറി പ്രവർത്തിച്ചതിനെതിരെ നടപടി സ്വീകരിക്കാത്തതിനാൽ ശ്രീമതി. അനുപമയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ആറു മാസത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. അനുപമ എ., മുൻ സെക്രട്ടറി, തരൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ബി1/521/2018-വിജി. തീയതി 06.09.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/183/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം